(സി) 9.38 കോടി രൂപ.

(ഡി) പണികൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്.

പാങ്ങോട്-കടയ്ക്കൽ റോഡിന്റെ ശോച്യാവസ്ഥ പരിഹരിക്കുവാൻ നടപടി

127 [1357] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം റോഡ്സ് സെക്ഷനിൽപ്പെട്ട പാങ്ങോട്-കടയ്ക്കൽ റോഡിന്റെ ശോച്യാവസ്ഥ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ആയതിലേക്കുവേണ്ട എസ്റ്റിമേറ്റ് തുക എത്രയാണ്; പ്രസ്തുത റോഡിന്റെ പണി എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയും എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ & ബി) പാങ്ങോട്-കടയ്ക്കൽ റോഡ് പണിക്കുള്ള എസ്റ്റിമേറ്റ് ഒരു കോടി 10 ലക്ഷം രൂപയാണ്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പ്രസ്തുത പണിക്ക് ഭരണാനുമതി നൽകി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

കോഴിക്കോട് കോർപ്പറേഷനിൽപ്പെട്ട പി. ഡബ്ല്യു. ഡി. റോഡുകൾ

128 [1358] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കോർപ്പറേഷനിൽപ്പെട്ട ഏതെല്ലാം റോഡുകളാണ് പി. ഡബ്ല്യു. ഡി. ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത് എന്നത് സംബന്ധിച്ച വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഇതു സംബന്ധിച്ച് സർക്കാരിന്റെ മുമ്പാകെ വല്ല നിർദ്ദേശങ്ങളും സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1. ഗോപാലസ്വാമി അയ്യങ്കാർ റോഡ്

2. ആനിഹാൾ റോഡ്

3. ഒ. ഇ. റ്റി. റോഡ്

LIBRARY ARCHIVES Kerala Legislative Assembly

4. റെയിൽവേ സ്റ്റേഷൻ റോഡ്

5. കല്ലുത്താൻകടവ് റോഡ് എന്നിവയാണ് കോഴിക്കോട് കോർപ്പറേഷനിൽനിന്നും പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിനു വേണ്ടി പരിഗണനയിലുള്ളത്.

(ബി) ഇതു സംബന്ധിച്ച് കോഴിക്കോട് കോർപ്പറേഷനുമായി ആലോചിച്ച് തീരുമാനങ്ങൾ എടുക്കേണ്ടതുണ്ട്. സർക്കാരിൽ നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല.

ആലപ്പുഴ ജില്ലയിലെ ചെറുതന പഞ്ചായത്തിലെ റോഡുകളുടെ അറ്റകുറ്റപ്പണി നടത്തുവാൻ നടപടി

129 [1359] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ ചെറുതന പഞ്ചായത്തിലെ ശാസ്താംമുറി-മങ്കുഴി-മണ്ണാറശ്ശാല-ചെറുതന കടവ് റോഡുകൾ തകർന്നു കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) അറ്റകുറ്റപ്പണികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) പ്രസ്തുത റോഡുകളുടെ അറ്റകുറ്റപ്പണികൾ 2004 മാർച്ച് 31-നകം പൂർത്തീകരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഗുരുവായൂർ റിംഗ് റോഡിന്റെ അക്വിസിഷൻ നടപടി

130 [1360] ശ്രീ. പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജകമണ്ഡലത്തിൽപ്പെട്ട ഗുരുവായൂർ റിംഗ് റോഡിന്റെ അക്വിസിഷൻ നടപടി ഏത് ഘട്ടത്തിലാണ്;

(ബി) ഇത് സംബന്ധിച്ച പണി ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly